# Malayala Manorama

# 10 August 2018

# Kerala: Death Toll,Flood

## പ്രളയം: മരണം ആറു ജില്ലകളിൽ

മനോരമ ലേഖകർ



അടിമാലി എട്ടുമുറിയിൽ പുതിയകുന്നേൽ ഹസൻകുട്ടിയുടെ ഭാര്യ ഫാത്തിമ, മകൻ മുജീബ്, ഭാര്യ ഷെമീന, മക്കളായ ദിയ ഫാത്തിമ, നിയ മുഹമ്മദ്.



ഉരുൾപൊട്ടലിൽ വീടുതകർന്നു മരിച്ച പന്തപ്പിള്ളിൽ തങ്കമ്മ (അടിമാലി), റസാഖ്, സീനത്ത് (ഇരുവരും.വയനാട്), ലില്ലി (വൈത്തിരി), റിജിത്ത്മോൻ രജി (കണ്ണപ്പൻകുണ്ട്) എന്നിവർ.

മുരിക്കാശേരി ഉരുൾപൊട്ടലിൽ കാണാതായ ഉഷ



കീരിത്തോട് പെരിയാർവാലിയിൽ ഉരുൾപൊട്ടലിൽ മരിച്ച കൂട്ടാക്കുന്നേൽ ആഗസ്തി, ഭാര്യ ഏലിക്കുട്ടി.

മഴക്കെടുതിയിൽ ഇന്നലെ അധികം പേർ മരിച്ചത് ഇടുക്കി ജില്ലയിൽ - 11 പേർ. മലപ്പുറം (അഞ്ചു പേർ), വയനാട് (മൂന്ന്), എറണാകുളം (രണ്ട്), കോഴിക്കോട്, പാലക്കാട് (ഒരാൾ വീതം) എന്നീ ജില്ലകളിലാണ് മറ്റു മരണങ്ങൾ. വിവിധ ജില്ലകളിലായി നാലു പേരെ കാണാതായിട്ടുമുണ്ട്.

ഇടുക്കിയിൽ അടിമാലി എട്ടുമുറിയിൽ ഉരുൾപൊട്ടലിൽ പുതിയകുന്നേൽ ഹസൻകുട്ടിയുടെ ഭാര്യ ഫാത്തിമ (65), മകൻ മുജീബ് (38), മുജീബിന്റെ ഭാര്യ ഷെമീന (33), മക്കളായ ദിയ ഫാത്തിമ (ആറ്), നിയ മുഹമ്മദ് (നാല്) എന്നിവർ മരിച്ചു. അടിമാലി കൊരങ്ങാട്ടി ആദിവാസി കുടിയിലുണ്ടായ ഉരുൾപൊട്ടലിൽ കുറുമ്പനാക്കൽ മോഹനൻ (50), ഭാര്യ ശോഭന (46), കമ്പിളികണ്ടം കുരിശുകുത്തിയിലുണ്ടായ ഉരുൾപൊട്ടലിൽ പന്തപ്പിള്ളിൽ മാണിയുടെ ഭാര്യ തങ്കമ്മ (47) എന്നിവരും മരിച്ചു. ചെറുതോണി കീരിത്തോട് പെരിയാർവാലിയിൽ ഉരുൾ പൊട്ടി കൂട്ടാക്കുന്നേൽ ആഗസ്തി (65), ഭാര്യ ഏലിക്കുട്ടി (60) എന്നിവർ മരിച്ചു.

ചെറുതോണി മുരിക്കാശ്ശേരി രാജപുരത്തിനടുത്ത് കരിമ്പനപടിയിൽ ഉരുൾ പൊട്ടി അമ്മയും രണ്ടു മക്കളും താമസിച്ചിരുന്ന വീട് ഒലിച്ചു പോയി. അമ്മയുടെ മൃതദേഹം കണ്ടെത്തി. മക്കൾക്കായി തിരച്ചിൽ തുടരുന്നു. കരികുളത്ത് പരേതനായ കുമാരന്റെ ഭാര്യ മീനാക്ഷി (90), മക്കളായ രാജൻ (56), ഉഷ (48) എന്നിവരാണ് അപകടത്തിൽപെട്ടത്. വീടിരുന്ന സ്ഥലം തിരിച്ചറിയാനാവാത്ത നിലയിലാണ്.

മലപ്പുറം ജില്ലയിൽ നിലമ്പൂരിനു സമീപം എരുമമുണ്ട ചെട്ടിയാംപാറയിലുണ്ടായ ഉരുൾപൊട്ടലിൽ പാമ്പാടൻ കുഞ്ഞിലക്ഷ്മി (56), മരുമകൾ ഗീത (29), മക്കളായ നവനീത് (എട്ട്), നിവേദ് (മൂന്ന്), കുഞ്ഞിയുടെ സഹോദരീപുത്രൻ മിഥുൻ (16) എന്നിവർ മരിച്ചു. കുഞ്ഞിയുടെ മകൻ സുബ്രഹ്മണ്യനെ (കുട്ടൻ) കാണാതായി.

എറണാകുളം ജില്ലയിൽ കോലഞ്ചേരി ഐരാപുരം തട്ടുപാലത്തിനു സമീപം വലിയതോട്ടിൽ രണ്ടു വിദ്യാർഥികൾ ഒഴുക്കിൽപ്പെട്ടു മരിച്ചു. തൃക്കളത്തൂർ കൊല്ലേരിമൂലയിൽ ജിജിയുടെ മകൻ ഗോപീകൃഷ്ണൻ (17), ഐരാപുരം അംബികാമഠത്തിൽ വാടകയ്ക്കു താമസിക്കുന്ന കൊച്ചി കണ്ടക്കടവ് കോയിൽപറമ്പിൽ സുനിൽ തോമസിന്റെ മകൻ അലൻ (17) എന്നിവരാണു മരിച്ചത്. ഇരുവരും കീഴില്ലം സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർഥികളാണ്.

വയനാട് ജില്ലയിൽ മാനന്തവാടി തലപ്പുഴ മക്കിമലയിൽ ഉരുൾപൊട്ടി മക്കിമല മംഗലശേരി റസാഖ് (39), ഭാര്യ സീനത്ത് (35) എന്നിവർ മരിച്ചു. ഇവരുടെ മക്കളായ റെജ്മൽ, റെജ്നാസ്, മുഹമ്മദ് റിസാൻ എന്നിവർ അദ്ഭുതകരമായി രക്ഷപ്പെട്ടു. വൈത്തിരി ലക്ഷം വീട് കോളനിയിൽ മണ്ണിടിഞ്ഞു വീണ് തൊളിയറത്തറ ജോർജിന്റെ ഭാര്യ ലില്ലി (65) മരിച്ചു. മണ്ണിടിഞ്ഞു വീഴുമ്പോൾ വീട്ടിലുണ്ടായിരുന്ന ഭർത്താവ് ജോർജിനെയും പേരക്കുട്ടിയെയും പരുക്കുകളോടെ രക്ഷപ്പെടുത്തി. വയനാട് കണിയാമ്പറ്റ ചിത്രമൂലയിൽ രക്ഷാപ്രവർത്തനത്തിനിടെ കുട്ടത്തോണി മറിഞ്ഞു നാലു പേർ ഒഴുക്കിൽപ്പെട്ടു. ഇവരെ രക്ഷപ്പെടുത്തി.

പാലക്കാട് ജില്ലയിൽ പട്ടാമ്പി പുഴയിൽ കഴിഞ്ഞ ദിവസം ഒഴുക്കിൽപ്പെട്ട അബ്ദുൽ സലാമിന്റെ മൃതദേഹം കണ്ടെത്തി. ഗായത്രി പുഴയിൽ കാണാതായ ആലത്തൂർ സ്വദേശി രാജുവിനു വേണ്ടിയുള്ള തിരച്ചിൽ തുടരുന്നു. മലബാർ സിമന്റ്സിന്റെ വാളയാറിലെ ഖനിയിൽ അകപ്പെട്ട 25 ജീവനക്കാരെ അഗ്നിശമനസേന രക്ഷപ്പെടുത്തി.

കോഴിക്കോട് ജില്ലയിൽ പുതുപ്പാടി മട്ടിക്കുന്നിൽ ബുധനാഴ്ച രാത്രി 11.30ന് ഒഴുക്കിൽപെട്ട യുവാവിന്റെ മൃതദേഹം ഇന്നലെ മൂന്നു കിലോമീറ്റർ അകലെ മണൽവയൽ വള്ള്യാട് നിന്നു കണ്ടെത്തി. മട്ടികുന്ന് പരപ്പൻപാറ മാധവിയുടെ മകൻ റിജിത്ത് മോൻ രജി (25) ആണു മരിച്ചത്.